"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

28/12/2024

D(O) D(SWM) D(LWM)

നം. WM2/313/2024-LSGD

തദ്ദേശ സ്വയംഭരണ (ഡബ്ലിയു.എം) വകുപ്പ്

തിരുവനന്തപുരം,

തീയതി: 27-12-2024

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ- മാലിന്യ സംസ്കരണ മേഖലയിലെ പ്രൊജെക്ടുകൾ നടപ്പിലാക്കുമ്പോൾ ശുചിത്വ മിഷൻ എംപാനൽ ചെയ്ത ഏജൻസികളെ കൂടി പരിഗണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25/03/2024 ലെ 1215/C2/2024/SM നമ്പർ കത്ത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുമ്പോൾ, നിർവ്വഹണ രീതിയുടെ കോഡിൽ അക്രഡിറ്റഡ് ഏജൻസികൾ എന്ന തരം മാത്രമേ ഉൾപ്പെട്ടതായി കാണുന്നുള്ളൂ എന്നും ഇതുമൂലം പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രവർത്തി പരിചയം, ടെക്നോളജി എന്നിവ പരിശോധിച്ച് ശുചിത്വമിഷൻ എംപാനൽ ചെയ്ത ഏജൻസികൾക്ക് പരിഗണന നൽകുന്നില്ല എന്ന് കാണുന്നതായും ആയതിനാൽ നിർവ്വഹണ രീതിയിൽ എംപാനൽഡ് ഏജൻസി മുഖേന എന്ന ഓപ്ഷൻ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നൽകണമെന്നും മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശുചിത്വമിഷൻ എംപാനൽ ചെയ്ത ഏജൻസികളെ കൂടി പരിഗണിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു നിർദ്ദേശം നല്ലണമെന്നും ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ സൂചന കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2) സർക്കാർ ഈ വിഷയം പരിശോധിക്കുകയും മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശുചിത്വമിഷൻ എംപാനൽ ചെയ്ത ഏജൻസികളെ കൂടി പരിഗണിക്കേണ്ടതുണ്ടെന്ന് കാണുകയും ചെയ്ത സഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i) സുലേഖ സോഫ്റ്റ്‌വെയറിൽ, നിർവ്വഹണ രീതിയിൽ എംപാനൽഡ് ഏജൻസി മുഖേന എന്ന ഓപ്ഷൻ കൂടി ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്

ii) മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശുചിത്വമിഷൻ എംപാനൽ ചെയ്ത ഏജൻസികളെ കൂടി പരിഗണിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 27-12-2024 15:16:04

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ(LSGD പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

28/12